"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - വിവിധ സർവ്വകലാശാലകളിലും, സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.4/2023/HEDN  തീയതി,തിരുവനന്തപുരം, 11-04-2023

---

പരാമർശം:-

1. സ.ഉ(പി) നം. 41/1994/ഉ.വി.വ തീയതി 21.03.1994
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.11.2021 — ലെ എ1/40875/2021/20.10.2022/കോ.വി.വ , 20.10.2022 — ലെ ഡി6/143034/2022/2020/കോ.വി.വ നമ്പർ കത്തുകൾ.
3. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയുടെ 02.11.2022 — ലെ KSHEC-A7/719/MS/Direct/2022 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും, ട്രെയിനിംഗ് കോളേജുകളിലും, ലോ കോളേജുകളിലും, സംസ്കൃത കോളേജുകളിലും, അറബിക് കോളേജുകളിലും, വിവിധ സർവ്വകലാശാലകളിലും അദ്ധ്യാപക നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി നിലവിൽ 40 വയസ്സാണ്. എന്നാൽ അദ്ധ്യാപക നിയമനങ്ങൾക്ക് ബാധകമായിട്ടുള്ള യുജിസി മാനദണ്ഡങ്ങളിൽ ഉയർന്ന പ്രായപരിധി നിഷ്കർഷിക്കുന്നില്ല. ഈ വിഷയത്തിൽ പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. കോളേജ് അദ്ധ്യാപക നിയമനങ്ങളിലെ ഉയർന്ന പ്രായ പരിധി ഒഴിവാക്കണമെന്ന് സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും ,ട്രെയിനിംഗ് കോളേജുകളിലും, ലോ കോളേജുകളിലും, സംസ്കൃത കോളേജുകളിലും, അറബിക് കോളേജുകളിലും, സർവ്വകലാശാലകളിലും അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ഉയർന്ന പ്രായ പരിധി 50 വയസ്സ് ആയി നിശ്ചയിച്ച് ഉത്തരവാകുന്നു. പരാമർശം (1) - ലെ കോളിജീയറ്റ് എഡ്യൂക്കേഷൻ സ്പെഷ്യൽ റൂൾസ് - ൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതാണ്. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ആവശ്യമായ ഭേദഗതി അതാത് സർവ്വകലാശാലകൾ വരുത്തേണ്ടതാണ്.

സർവ്വകലാശാലകളിലെ അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി പൂർണ്ണമായും ഒഴിവാക്കുന്നതിനായി യു ജി സി ചട്ടങ്ങൾക്ക് അനുസൃതമായി സർവ്വകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അതാത് സർവ്വകാലാശാലകൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹരി കുമാർ ജി
അഡിഷണൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
ഉന്നത വിദ്യാഭ്യാസ (ബി/സി/ഡി/ഇ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ